**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3677** **09-10-2025 - ൽ മറുപടിയ്ക്ക്**

**കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള എത്രപേരുണ്ട്; ഓരോ വിളയും കൃഷി ചെയ്യുന്നവരുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കർഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; കൃഷി ആദായകരമല്ലാതാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. യുവാക്കൾ, സ്ത്രീകൾ തുടങ്ങിയവർ കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആകൃഷ്ടരാകുന്നതായാണ് കൃഷി വകുപ്പിലെ ഔദ്യോഗിക പോർട്ടലായ AIMS ഡേറ്റയും PM കിസാൻ ഡേറ്റയും വ്യക്തമാക്കുന്നത്. വിവിധ പദ്ധതികളിലൂടെ കർഷകരുടെ വരുമാനം സർക്കാർ ഉയർത്തിയതിലൂടെ കൃഷി പ്രധാന വരുമാന മാർഗ്ഗമായി കണ്ടെത്തുന്ന കർഷകരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | മങ്കട നിയോജകമണ്ഡലത്തിൽ കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള എത്രപേരുണ്ടെന്നും ഓരോ വിളയും കൃഷി ചെയ്യുന്നവരുടെ എണ്ണം എത്രയെന്നും എന്തെല്ലാം തരത്തിലുള്ള പ്രതിസന്ധികളാണ് കർഷകർ നേരിടുന്നതെന്നും ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | AIMS പോർട്ടൽ പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ 9920 കർഷകർ കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. പ്രധാന വിളയും കൃഷിക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br><br>നെല്ല് - 1040, മറ്റ് ധാന്യങ്ങൾ – 10, പച്ചക്കറി - 345, കിഴങ്ങു വർഗങ്ങൾ – 1150, പഴ വർഗങ്ങൾ – 350, സുഗന്ധ വ്യഞ്ജന വിളകൾ – 225, നാളികേരം - 5000, മറ്റ് ഭക്ഷ്യേതര വിളകൾ (പ്രധാനമായും അടയ്ക്ക)- 1800.<br><br>കാലാവസ്ഥാ വ്യതിയാനം, വന്യമൃഗശല്യം തുടങ്ങിയവ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്. ഇവ നേരിടുവാൻ കാലാവസ്ഥാനുരൂപ കൃഷിരീതി, വന്യമൃഗശല്യം തടയുന്നതിനുള്ള വിവിധ പദ്ധതികൾ തുടങ്ങിയവ കൃഷി വകുപ്പ് വിവിധ വകുപ്പുകളുമായും, ഏജൻസികളുമായും ചേർന്ന് നടപ്പാക്കി വരുന്നു. |
| (ഡി) | മങ്കട നിയോജകമണ്ഡലത്തിൽ കൃഷിനാശം നേരിട്ട കർഷകർ എത്രയെന്നും അവർക്കായി എത്ര | (ഡി) | മങ്കട മണ്ഡലത്തിലെ മക്കരപറമ്പ, മങ്കട, കൂട്ടിലങ്ങാടി, കുറുവ, പുഴക്കാട്ടിരി, മൂർക്കനാട്, |

| | | | |
|---|---|---|---|
| | രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | അങ്ങാടിപ്പുറം പഞ്ചായത്തുകളിലായി 1473 കർഷകർക്ക് കൃഷിനാശം നേരിട്ടിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ഫണ്ടിൽ 1175 കർഷകർക്കും SDRFൽ 1374 കർഷകർക്കും ആകെ 1,81,51,752/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇനി ആകെ 25,76,520/- രൂപ വിതരണം ചെയ്യാനുണ്ട്. കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | നെല്ല് | മറ്റ് ധാന്യങ്ങൾ | പച്ചക്കറി | കിഴങ്ങു വർഗ്ഗങ്ങൾ | പഴ വർഗ്ഗങ്ങൾ | സുഗന്ധവ്യഞ്ജന വിളകൾ | ഷുഗർ ക്രോപ്സ് | എണ്ണ വിളകൾ | മറ്റ് ഭക്ഷ്യേതര വിളകൾ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 2527 | 867 | 64012 | 46460 | 42659 | 22098 | 0 | 42464 | 23870 |
| കൊല്ലം | 12558 | 27748 | 10248 | 32198 | 29490 | 12376 | 16 | 31508 | 18230 |
| പത്തനംതിട്ട | 2485 | 155 | 22000 | 18000 | 15000 | 10500 | 130 | 20000 | 24853 |
| ആലപ്പുഴ | 76484 | 78 | 23000 | 24000 | 14052 | 24000 | 216 | 87152 | 11487 |
| കോട്ടയം | 10896 | 431 | 25013 | 36748 | 19831 | 19211 | 86 | 32717 | 38713 |
| ഇടുക്കി | 1328 | 146 | 18326 | 5459 | 4019 | 9478 | 80 | 6089 | 29028 |
| എറണാകുളം | 10351 | 582 | 16233 | 25399 | 20681 | 15091 | 30 | 7849 | 27652 |
| പാലക്കാട് | 74535 | 931 | 11610 | 4146 | 5716 | 6041 | 25 | 21558 | 15293 |
| തൃശ്ശൂർ | 32658 | 315 | 3400 | - | 11889 | 19650 | - | 127009 | 35900 |
| കോഴിക്കോട് | 4286 | - | 7988 | 3050 | 2300 | 12341 | 0 | 666900 | 44135 |
| മലപ്പുറം | 10945 | 331 | 10587 | 11061 | 9610 | 7339 | 2 | 77487 | 26807 |
| വയനാട് | 13733 | 93 | 5887 | 5523 | 12556 | 29972 | 0 | 22567 | 18269 |
| കണ്ണൂർ | 8345 | 1659 | 39815 | 12933 | 21850 | 19098 | 2 | 18553 | 35196 |
| കാസർഗോഡ് | 6525 | 513 | 12643 | 5747 | 37279 | 23090 | 0 | 89779 | 27344 |
| **ആകെ** | **267656** | **33849** | **270762** | **230724** | **246932** | **230285** | **587** | **1251632** | **376777** |

സെക്ഷൻ ഓഫീസർ